95

# "നിങ്ങളെ ബോധ്യപ്പെടുത്തുവാനെന്തുവേണം?"

**വായനാ ഭാഗം #43**

VIII. യേശുവിന്റെ ഉയർപ്പ്, പ്രത്യക്ഷത, ആരോഹണം (തുടർച്ച).

A. ഞായർ: യേശു ഉയർത്തെഴുന്നേറ്റ ദിവസം (തുടർച്ച).

7. അഞ്ചാം പ്രത്യക്ഷത:[1] അപ്പൊസ്തലന്മാർക്ക് (തോമസിനെ കൂടാതെ) (മർക്കൊ 16:14; ലൂക്കൊ. 24:36–43; യോഹ. 20:19-25).

B. നാല്പതു ദിവസങ്ങൾ (പ്രവൃത്തികൾ 1:3).

1. ആറാം പ്രത്യക്ഷത:അപ്പൊസ്തലന്മാർക്ക് (തോമസ് ഉൾപ്പെടെ) ഒരാഴ്ച്ച കഴിഞ്ഞ് യെഹൂദ്യയിൽ വെച്ച് (യോഹ. 20:26–31; 1 കൊരി. 15:5).
2. ഏഴാം പ്രത്യക്ഷത:നാല്പതു ദിവസങ്ങൾക്കുള്ളിൽ ചുരുങ്ങിയത് ഏഴു ശിഷ്യന്മാർക്ക് (യോഹ. 21:1–24).

**മുഖവുര**

പ്രവൃത്തികൾക്കുള്ള മുഖവുരയിൽ ലൂക്കൊസ് എഴുതിയത് "[ക്രിസ്തു] തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർ" എന്നാണ് (പ്രവൃത്തികൾ 1:2). അവൻ പിന്നെ പറഞ്ഞു, "അവൻ [യേശു] കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം[2] അവർക്ക് പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചു കൊടുത്തു" (പ്രവൃത്തികൾ 1:3). എന്തുകൊണ്ടാണ് നാല്പതു ദിവസം? അപ്പൊസ്തലന്മാർക്ക് വേറെയും വെല്ലുവിളികളും ഉപദേശങ്ങളും അവന്റെ സ്വർഗാരോഹണത്തിന് മുൻപ് നല്കുവാനുണ്ടായിരുന്നു. വേണ്ടത്ര സമയമെടുത്ത് തന്റെ ശിഷ്യന്മാരെ താൻ വീണ്ടും ജീവിച്ചിരിക്കുന്നു എന്നു ബോധ്യപ്പെടുത്തേണ്ടതും പ്രാധാന്യമുള്ളതായിരുന്നു. അവരുടെ മനസിൽ ഒരു സംശയവും ഉണ്ടാകരുത് എന്ന് അവൻ ആഗ്രഹിച്ചിരുന്നു.

തന്റെ അവസാന നാൽപതു ദിവസങ്ങളിൽ, യേശു ഒരുപക്ഷെ പല പ്രാവശ്യം തന്റെ അനുയായികൾക്ക് പ്രത്യക്ഷപ്പെട്ടിരിക്കാം. അവയിൽ പത്തു പ്രത്യക്ഷതകൾ രേഖപ്പെടുത്തിയിട്ടുണ്ട്, അവയിൽ അഞ്ചെണ്ണം അവൻ ഉയർത്തെഴുന്നേറ്റ ദിവസവുമായി ബന്ധപ്പെട്ടായിരുന്നു. അഞ്ചിൽ നാലും നാം ചർച്ച ചെയ്യുകയുണ്ടായി: മഗ്ദലക്കാരത്തി മറിയക്കും, മറ്റു സ്ത്രീകൾക്കും, പത്രൊസിന്നും, എമ്മവുസിലേക്കുള്ള വഴിയിൽവെച്ച് രണ്ടു പേർക്കും. ഈ അവതരണത്തിൽ,[3] നാം അവൻ ഉയർത്തെഴുന്നേറ്റ ദിവസം നടത്തിയ അഞ്ചാമത്തെ പ്രത്യക്ഷത നാം കാണും. പിന്നെ നാം അടുത്ത രണ്ടു പ്രത്യക്ഷതകളെ കുറിച്ചു പഠിക്കും. നാം പരിഗണിക്കുവാൻ പോകുന്ന മൂന്നു പ്രത്യക്ഷതകൾ പ്രാഥമികമായും അപ്പൊസ്തലന്മാരുടെ പ്രയോജന

ത്തിനുള്ളവയായിരുന്നു. ക്രിസ്തു തന്റെ ഉയർത്തെഴുന്നേല്പ് "വിശ്വസിക്കുവാനുള്ള തെളിവ്" ബോധ്യപ്പെടുത്തുകയായിരുന്നു. യേശു ജീവിച്ചിരിക്കുന്നു എന്നു പതിനോരുവരെ ബോധ്യപ്പെടുത്തിയത് എന്തായിരുന്നു? ഇന്ന് ആളുകളെ ബോധ്യപ്പെടുത്തുന്നത് എന്ത്?

## പത്തു അപ്പൊസ്തലന്മാരെ ബോധ്യപ്പെടുത്തിയത് എന്തായിരുന്നു (മർക്കൊ. 16:14; ലൂക്കൊ. 24:36-43; യോഹ. 20:19-25)

താൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്ന് പടിപടിയായി അപ്പൊസ്തലന്മാർക്ക് തെളിവുകൾ കാണിച്ചുകൊടുത്തു. ആദ്യം, അവൻ ഉയർത്തെഴുന്നേറ്റു എന്നു ദൂതന്മാർ പറഞ്ഞ വാർത്ത വന്നു. പിന്നെ ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടതായി മറ്റുള്ളവർ അവരോട് പറഞ്ഞു, എന്നിട്ടും അപ്പൊസ്തലന്മാർ വിശ്വസിക്കുവാൻ പ്രയാസപ്പെട്ടു. അവസാനം, എല്ലാ സംശയങ്ങളും നീക്കുവാനായി, ക്രിസ്തു തന്നെ നേരിട്ട് അവർക്ക് പ്രത്യക്ഷനായി.

### അപ്പൊസ്തലന്മാർക്ക് ബോധ്യമായി

യേഹന്നാൻ പറഞ്ഞതനുസരിച്ച് "അത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ നേരം വൈകിയപ്പോഴായിരുന്നു" (യോഹന്നാൻ 20:19). യെഹൂദന്മാർ സമയം കണക്കാക്കുന്നതനുസരിച്ച്, അപ്പോൾ ആഴ്ച്ചവട്ടത്തിന്റെ രണ്ടാം നാളിലേക്ക് (സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ) കടന്നിരുന്നു; എന്നാൽ യോഹന്നാൻ പറഞ്ഞത് റോമൻ കണക്കനുസരിച്ചാണ് (അർദ്ധരാത്രി മുതൽ അർത്ഥരാത്രി വരെ).[4] അവൻ ഉയർത്തെഴുന്നേറ്റതായ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്തു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെട്ടത് അടക്കമുള്ള സംഭവങ്ങളെല്ലാം യോഹന്നാൻ നിരത്തുന്നത് വളരെ പ്രാധാന്യമുള്ളവയാണ്.[5]

അപ്പൊസ്തലന്മാർ എവിടെയായിരുന്നു താമസിച്ചിരുന്നതെന്ന് നമുക്ക് തീർച്ചയില്ല.[6] അത് എവിടെയായിരുന്നാലും, അവർ "യെഹൂദന്മാരെ പേടിച്ച്" വാതിലടച്ചുപൂട്ടി കഴിഞ്ഞിരിക്കും (യോഹന്നാൻ 20:19). മറ്റു ശിഷ്യന്മാരും അവരോടൊപ്പമുണ്ടായിരുന്നു (ലൂക്കൊസ് 24:33, 36 നോക്കുക), എന്നാൽ യേശുവിന്റെ മനസിൽ മുഖ്യമായും അപ്പൊസ്തലന്മാരായിരുന്നു (മർക്കൊസ് 16:14). അന്നു വൈകുന്നേരം പതിനോരുവർ ഒരു സംഘമായി കൂടിയിരുന്നു (മർക്കൊസ് 16:14) - തോമസ് ഒഴിച്ച് ബാക്കി എല്ലാവരുമുണ്ടായിരുന്നു (യോഹന്നാൻ 20:24).

അപ്പൊസ്തലന്മാർ "മേശയിൽ ചരിഞ്ഞിരിക്കുകയായിരുന്നു" (മർക്കൊസ് 16:14).[7] അവർ ഒരുപക്ഷെ അവരുടെ വൈകുന്നേര ഭക്ഷണം കഴിക്കുവാൻ തുടങ്ങി കാണും (ലൂക്കൊസ് 24:41, 42) അപ്പോഴാണ് ക്ലെയോപ്പാവും സ്നേഹിതനും ക്രിസ്തുവിനെ വഴിയിൽവെച്ച് കണ്ട സന്തോഷവും ആവേശവും അവരെ അറിയിക്കുവാനെത്തിയത് (മർക്കൊസ് 16:12, 13; ലൂക്കൊസ് 24:33–35).

യേശുവിനെ കണ്ട വിവരം പറഞ്ഞത് ചിലർ വിശ്വസിച്ചു (ലൂക്കൊസ് 24:34), എന്നാൽ മറ്റു ചിലർ വിശ്വസിച്ചില്ല (മർക്കൊസ് 16:13)[8] പെട്ടെന്ന് - "യേശു തന്നെ അവരുടെ മദ്ധ്യത്തിലേക്ക് കടന്നു വന്നപ്പോൾ" - ചൂടുപിടിച്ച വാദഗതി നടന്നുകൊണ്ടിരിക്കയായിരുന്നു (ലൂക്കൊസ് 24:36), അവൻ പറഞ്ഞു, "നിങ്ങൾക്ക് സമാധാനം" (യോഹന്നാൻ 20:19).

"അപ്പൊസ്തലന്മാർ ഞെട്ടി ഭയപ്പെട്ടു ഒരു ഭൂതത്തെ കാണുന്നു എന്ന് അവർക്ക് തോന്നി" (ലൂക്കൊസ് 24:37).[9] വിശ്വസിക്കുവാൻ കൂട്ടാക്കാതിരുന്നതിന്, വിഷമത്തോടെ യേശു "തന്നെ ഉയർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിച്ചു" (മർക്കൊസ് 16:14). ചുരുങ്ങിയത് രണ്ടു പുരുഷന്മാരുടേയും അര-ഡസൻ സ്ത്രീകളുടേയും സാക്ഷ്യങ്ങൾ അപ്പൊസ്തലന്മാർ കേട്ടിരുന്നു; അവയിലൊന്നിലും തെളിവിന്റെ അഭാവമില്ലായിരുന്നു. അവൻ അവരോട് ചോദിച്ചു, "നിങ്ങൾ കലങ്ങുന്നതെന്ത്? നിങ്ങളുടെ ഉള്ളിൽ സംശയം പൊങ്ങുന്നതും എന്ത്?" (ലൂക്കൊസ് 24:38).

അവൻ അവിടെയെത്തിയത് ആ സംശയങ്ങൾ ദൂരീകരിക്കുന്നതിനായിരുന്നു. അവൻ പറഞ്ഞു, "ഞാൻ തന്നെ ആകുന്നു എന്നു കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടുനോക്കുവിൻ, എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് അസ്ഥിയും മാംസവുമില്ലല്ലൊ" (ലൂക്കൊസ് 24:39). "പിന്നെ അവൻ കയ്യും കാലും അവരെ കാണിച്ചുകൊടുത്തു" (ലൂക്കൊസ് 24:40) അതിൽ റോമൻ ആണികളുടെ പാടുകളുണ്ടായിരുന്നു (യോഹന്നാൻ 20:25, 27). അവൻ തന്റെ ''വിലാപുറവും ... അവർക്ക് കാണിച്ചുകൊടുത്തു'' (യോഹന്നാൻ 20:20) അവിടെ മുറിവേറ്റ ദ്വാരവുമുണ്ടായിരുന്നു (യോഹന്നാൻ 20:25, 27).

"അപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു" (യോഹന്നാൻ 20:20) – എന്നാൽ അവരുടെ ആന്തരിക സമ്മർദ്ദം തുടർന്നിരുന്നു, കാരണം യേശു ജീവിച്ചിരിക്കുന്നു എന്നത് വളരെ നല്ല സത്യമാണ്. ലൂക്കൊസ് അത് ഇങ്ങനെ പറഞ്ഞു, "അവർക്ക് ... സന്തോഷത്താലും അതിശയത്താലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല" (ലൂക്കൊസ് 24:41). അവൻ ഭൂതമല്ല എന്നതിന്റെ അവസാന തെളിവ് ആയിരുന്നു അത്. യേശു ചോദിച്ചു, "തിന്നുവാൻ വല്ലതുമുണ്ടോ?" (ലൂക്കൊസ് 24:41). "അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻകട്ടയും അവന്ന് കൊടുത്തു, അവൻ അത് അവർ കാൺകെ തിന്നു" (ലൂക്കൊസ് 24:42, 43).

അവർക്ക് ആവശ്യമായിരുന്ന അവസാന തെളിവായിരുന്നു അത്. യേശു വീണ്ടും പറഞ്ഞു, "നിങ്ങൾക്ക് സമാധാനം" (യോഹന്നാൻ 20:21). അവരുടെ ഹൃദയങ്ങളിൽ സമാധാനം നിറഞ്ഞു; അവരുടെ കർത്താവ് ജീവിച്ചിരിക്കുന്നു (യോഹന്നാൻ 20:25)!

## അപ്പൊസ്തലന്മാർക്ക് ആജ്ഞ കൊടുത്തു

അടുത്ത നാല്പതു ദിവസങ്ങളിൽ യേശു അപ്പൊസ്തലന്മാരെ വളരെ കാര്യങ്ങൾ പഠിപ്പിക്കയുണ്ടായി (പ്രവൃത്തികൾ 1:3 നോക്കുക), അവയിൽ ഏറ്റവും മുഖ്യമായത് മഹത്തായ ആജ്ഞ ആയിരിക്കാം (മത്തായി 28:19, 20; മർക്കൊസ് 16:15, 16). യേശു താൻ ജീവിച്ചിരിക്കുന്നു എന്ന് അപ്പൊസ്തലന്മാരെ ബോധ്യമാക്കിയശേഷം, പിന്നീട് കൊടുത്ത നിർദ്ദേശം ആ മഹത്തായ ആജ്ഞകൊടുത്ത് എങ്ങനെ അതു നടപ്പാക്കണമെന്നതായിരുന്നു.

എങ്ങനെ ആ ദൗത്യം നിറവേറ്റണമെന്ന *നടപടിക്രമങ്ങൾ* അവൻ പിന്നീട് പറഞ്ഞു. "... എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയക്കുന്നു" (യോഹന്നാൻ 20:21).[10] "അപ്പൊസ്തലൻ" എന്ന വാക്കിന്റെ അർത്ഥം "അയക്കപ്പെട്ടവൻ" എന്നാണ്. അവരെ "അയക്കുന്നതിന്റെ" വിശ

ദാംശങ്ങൾ പിന്നീട് നൽകുകയുണ്ടായി (മത്തായി 28:18-20; മർക്കൊസ് 16:15, 16).

ആ ദൗത്യനിർവ്വഹണത്തിന് അവർക്ക് അവൻ ശക്തി നല്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു: "ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെ മേൽ ഊതി, 'പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നു പറഞ്ഞു'" (യോഹന്നാൻ 20:22). ക്രിസ്തു അപ്പൊസ്തലന്മാരിൽ ഊതിയ നിമിഷം തന്നെ അവരിൽ പരിശുദ്ധാത്മാവ് നിറഞ്ഞില്ലായിരുന്നു. പരിശുദ്ധാത്മാവിനെ നൽകുന്നത് അപ്പോഴും ഭാവിയിലായിരുന്നു (ലൂക്കൊസ് 24:49; യോഹന്നാൻ 7:39; പ്രവൃത്തികൾ 1:4, 5, 8; 2:4). പല ആഴ്ച്ചകൾക്ക് ശേഷം അവരിൽ പരിശുദ്ധാത്മാവ് പകരുവാനിരുന്നതിന്റെ പ്രദർശനമായിരുന്നു അത്.[11] യെഹൂദന്മാരുടെ പെന്തെകൊസ്തുനാളിൽ അപ്പൊസ്തലന്മാരെ സുവിശേഷം ലോകത്തിലെത്തിക്കുവാൻ അവരെ ശക്തീകരിക്കേണ്ടതിന്, പരിശുദ്ധാത്മാവുകൊണ്ട് സ്നാനപ്പെടുത്തുവാനിരിക്കുന്നു.[12]

ആ ആജ്ഞ നല്കിയതിന്റെ ഉദ്ദേശവും അവൻ വെളിപ്പെടുത്തി. അവൻ അവരോട് പറഞ്ഞു, "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തിയിരിക്കുന്നുവോ അവരുടെ പാപങ്ങൾ നിർത്തിയിരിക്കുന്നു" (യോഹന്നാൻ 20:23).[13] ഇതിനർത്ഥം അപ്പൊസ്തലന്മാർക്ക് സ്വയമായി ചിലരുടെ പാപം മോചിച്ചു കൊടുപ്പാനും മറ്റു ചിലരുടെ മോചിച്ചുകൊടുക്കാതിരിപ്പാനും കഴിഞ്ഞിരുന്നു എന്നു വിചാരിക്കരുത്. മറിച്ച് പാപമോചനം അപ്പൊസ്തലന്മാരുടെ ഉപദേശത്തിനനുസരിച്ചായിരിക്കുമെന്ന ഊന്നലാണ് കർത്താവ് നല്കിയത്. അവരുടെ ഉപദേശം കേട്ടനുസരിക്കുന്നവരുടെ പാപം മോചിച്ചുകൊടുക്കയും അത് കേട്ടനുസരിക്കാതിരുന്നവരുടെ പാപം മോചിച്ചുകൊടുക്കാതിരിക്കയും ചെയ്തിരുന്നു (പ്രവൃത്തികൾ 2:36-38, 41, 47).

### അപ്പൊസ്തലന്മാർ വെല്ലുവിളി നേരിട്ടിരുന്നു

നേരത്തെ പറഞ്ഞതുപോലെ, "മുൻപ് യേശു വന്നപ്പോൾ, പന്തിരുവരിൽ ഒരാളായ ദിദിമോസ്[14] എന്നു വിളിക്കുന്ന തോമസ് അവരോടുകൂടെ ഇല്ലായിരുന്നു" (യോഹന്നാൻ 20:24). അപ്പോൾ ഇല്ലാതിരുന്ന അപ്പൊസ്തലൻ മടങ്ങിവന്നപ്പോൾ "ഞങ്ങൾ കർത്താവിനെ കണ്ടു" എന്ന് മറ്റെ അപ്പൊസ്തലന്മാർ പറഞ്ഞു (യോഹന്നാൻ 20:25). തോമസ് സംശയാലുവായിരുന്നു: "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും വിലാപ്പുറത്ത് കൈയ്യിടുകയും ചെയ്താലല്ലാതെ വിശ്വസിക്കയില്ല"എന്നു പറഞ്ഞു (യോഹന്നാൻ 20:25).

### ഒരു അപ്പൊസ്തലനെ ബോധ്യപ്പെടുത്തിയതെന്താണ് (യോഹ. 20:26-31; 1 കൊരി. 15:5)

ഒരാഴ്ച്ച കടന്നുപോയി. അപ്പൊസ്തലന്മാരോട് ഗലീലക്ക് പോകുവാൻ പറഞ്ഞിരുന്നു (മത്തായി 28:10), എന്നാൽ അവർ പുറപ്പെടുവാൻ താമസിച്ചു. തോമസ് വിശ്വസിക്കാത്തിടത്തോളം അവർ പോകുവാൻ തയ്യാറായില്ല - കാരണം അവരുടെ ഹൃദയങ്ങൾ വിശ്വാസത്തിൽ യോജിച്ചിരുന്നില്ല.[15] വീണ്ടും പ്രത്യക്ഷപ്പെടുവാൻ കർത്താവ് ഒരാഴ്ച്ച എടുത്തതെന്തുകൊണ്ടാണെന്ന് നമുക്ക് അറിയില്ല. അപ്പൊസ്തലന്മാർക്ക് അവർ കണ്ടതിനെക്കുറിച്ച് ഒരു

പക്ഷെ ചിന്തിക്കുവാൻ അവസരം കൊടുത്തതാകാം.

**"കാണുന്നതു വിശ്വസിക്കലാണ്"**

അവസാനം, "എട്ടുദിവസങ്ങൾക്ക് ശേഷം,[16] അവന്റെ ശിഷ്യന്മാർ [താമസിച്ചിരുന്ന സ്ഥലത്ത് കതകടച്ച് ഇരിക്കുമ്പോൾ], തോമസും അവരോടുകൂടെയുണ്ടായിരുന്നു" (യോഹന്നാൻ 20:26), യേശു രണ്ടാമതും അവർക്ക് പ്രത്യക്ഷനായി (1 കൊരിന്ത്യർ 15:5 നോക്കുക). ക്രമീകരണം കഴിഞ്ഞ ആഴ്ച്ചയിലേതുപോലെ ആയിരുന്നു (കതക് അടച്ചിരുന്നു), കർത്താവിന്റെ വന്ദനവും അതേപോലെയായിരുന്നു: "നിങ്ങൾക്ക് സമാധാനം" (യോഹന്നാൻ 20:26).

ആ പ്രത്യക്ഷത പ്രത്യേകിച്ച് തോമസിന്റെ ഗുണത്തിനു വേണ്ടിയായിരുന്നു. സംശയാലുവിനോട് ക്രിസ്തു പറഞ്ഞു, "നിന്റെ വിരൽ ഇങ്ങോട്ട് നീട്ടി എന്റെ കൈകളെ കാൺക, നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക" (യോഹന്നാൻ 20:27). തോമസിന്റെ പ്രതികരണം, "ഉടനെയുള്ളതും, മനസിലാക്കിയതും, വാസ്തവത്തിൽ വിസ്മയാവഹവുമായിരുന്നു; അവനായിരുന്നു ... ആദ്യമായി ക്രിസ്തുവിന്റെ ദൈവികത്വത്തെ ദ്വയാർത്ഥമല്ലാത്ത വിധത്തിൽ ഏറ്റു പറഞ്ഞത്."[17] "എന്റെ കർത്താവും ദൈവവുമായുള്ളോവേ!"[18] (യോഹന്നാൻ 20:28). ജെ. ഡബ്ലിയു. മെക്ഗാർവേ എഴുതി,

> തോമസിന്റെ സംശയം ഘനമുള്ളതായിരുന്നുവെങ്കിൽ, അവന്റെ ഏറ്റുപറച്ചൽ പുർണ്ണമായിരുന്നു എന്ന് തോമസിന് അനുകൂലമായി പറയണം. അവനു ഉയർത്തെഴുന്നേല്പിനെ സംബന്ധിച്ച് കൂടുതൽ സംശയമുണ്ടായിരുന്നു കാരണം ഉയർത്തെഴുന്നേല്പ് അവനു വളരെ ഉയർന്നതായിരുന്നു; യേശു ദൈവമല്ലാതെ മറ്റാരുമല്ല എന്ന അർത്ഥമായിരുന്നു അതിന് അവൻ കൊടുത്തത്.[19]

**"വിശ്വസിക്കുക എന്നാൽ കാണുന്നതാണ്"**

ക്രിസ്തു തോമസിനോട് പറഞ്ഞു, "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു?" (യോഹന്നാൻ 20:29), ശാസന തോമസിന്റെ നേർക്കായിരുന്നു എങ്കിലും, അത് എല്ലാവർക്കുമുള്ളതായിരുന്നു (മർക്കൊസ് 16:14). അവനെ കാണുന്നതുവരെ ആരും അവന്റെ ഉയർത്തെഴുന്നേല്പ് വിശ്വസിച്ചിരുന്നില്ല.

കർത്താവ് പിന്നെ പറഞ്ഞു, "കാണാതെ വിശ്വസിക്കുന്നവർ, ഭാഗ്യവാന്മാർ" (യോഹന്നാൻ 20:29). ആ വാക്കുകളാൽ, അവനെ കാണുന്നതിനു മുൻപ് അവന്റെ ഉയർത്തെഴുന്നേല്പ് വിശ്വസിച്ചവർ ഭാഗ്യവാന്മാരാണ് എന്ന് അവരെ അറിയിച്ചു.[20] ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ നമ്മുടെ ഭൗതിക കണ്ണുകൾ കൊണ്ട് നാം കണ്ടിട്ടില്ലെങ്കിലും നാം വിശ്വസിക്കുന്നതുകൊണ്ട്, നാമും ഭാഗ്യവാന്മാരാണ്. ക്രിസ്തു ഈ പറഞ്ഞതു കേട്ട പത്രൊസ് പിന്നീട് എഴുതി, "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു, ഇപ്പോൾ കാണാതെ വിശ്വസിച്ചുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞു തീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു" (1 പത്രോസ് 1:8).

നമുക്ക് ഒരു ചൊല്ലുണ്ട്, "കാണുന്നതാണ് വിശ്വാസം." ഒരർത്ഥത്തിൽ അതിനെതിരായതും സത്യമാണ്: "വിശ്വസിക്കുന്നതാണ് കാണൽ." നാം

കർത്താവിൽ വിശ്വസിക്കുമ്പോൾ, ജീവിതത്തെ മറ്റൊരു രീതിയിലാണ് "കാണുന്നത്" (മനസിലാക്കുന്നത്); ജീവിതം എന്നു പറഞ്ഞാൽ എന്താണെന്ന് നാം "കാണുന്നു" (മനസിലാക്കുന്നു). പിന്നീട് നമുക്ക് "പറഞ്ഞു തീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുവാൻ കഴിയും."

നമ്മുടെ ഭൗതിക കണ്ണുകൾകൊണ്ട് കാണാതെ നമുക്ക് എങ്ങനെ യേശുവിൽ വിശ്വസിക്കുവാൻ കഴിയും? ആ ചോദ്യത്തിനു യോഹന്നാൻ ദൈവശ്വാസിയമായി ഉത്തരം നൽകുന്നുണ്ട്. അവൻ ഇങ്ങനെ പറഞ്ഞുകൊണ്ട് തുടങ്ങുന്നു, "ഈ പുസ്തകത്തിൽ [അതായത്, യോഹന്നാന്റെ പുസ്തകത്തിൽ] എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും അത്ഭുതങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു" (യോഹന്നാൻ 20:30; 21:25 നോക്കുക). "മറ്റു അത്ഭുതങ്ങൾ" എന്നു പറഞ്ഞിരുക്കുന്നത് മത്തായിയുടേയും, മർക്കൊസിന്റെയും, ലൂക്കൊസിന്റെയും പുസ്തകത്തിൽ പറഞ്ഞിട്ടുള്ളവയാണ് എന്നു സ്പഷ്ടം.

യോഹന്നാൻ തുടർന്നു, "യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇതെഴുതിയിരിക്കുന്നു" (യോഹന്നാൻ 20:31).[21] രക്ഷിക്കുന്ന വിശ്വാസം ജനിപ്പിക്കുവാൻ മതിയായതാണ് എഴുതി രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ജീവിതം എന്നാണ് യോഹന്നാൻ പറഞ്ഞത്. *അപ്പൊസ്തലന്മാരുടെ ഉപദേശത്താൽ* തന്നിൽ വിശ്വസിപ്പാനിരുക്കുന്നവരെ കുറുച്ച് മുൻപ് ക്രിസ്തു പറയുകയുണ്ടായി (യോഹന്നാൻ 17:20). പൗലൊസ് പിന്നീട് എഴുതി, "ആകയാൽ വിശ്വസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). ഭൗതിക കണ്ണുകൾകൊണ്ട് യേശുവിനെ കണ്ടിട്ടില്ലെങ്കിലും പുതിയനിയമത്തിലെ ദൈവശ്വാസിയ സാക്ഷ്യം നിമിത്തം വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ തന്നെയാണ്!

## ഏഴു ശിഷ്യന്മാരെ ബോധ്യപ്പെടുത്തിയതെന്താണ്
## (യോഹ. 21:1-24)

യെഹൂദ്യയിൽനിന്ന് രംഗം ഇപ്പോൾ ഗലീലയിലേക്ക് മാറി. ഗലീലയിൽ വെച്ച് അവരെ കാണുമെന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞിരുന്നു (മത്തായി 26:32; 28:7). ഗലീലയിൽ - തിബെര്യാസ് നദീ തീരത്തുവെച്ച് "യേശു മൂന്നാമതും"[22] തന്റെ "ശിഷ്യന്മാർക്ക് വെളിപ്പെടുത്തികൊടുത്തു" (യോഹന്നാൻ 21:1, 14), ഗലീലാ കടലിന്റെ മറ്റൊരു പേരായിരുന്നു തിബെര്യാസ് (യോഹന്നാൻ 6:1).[23] ആ സംഭവം എപ്പോൾ നടന്നു എന്ന് നമുക്ക് കൃത്യമായി പറയുവാൻ സാധ്യമല്ല. "അനന്തരം അതു സംഭവിച്ചതായിട്ടാണ്" യോഹന്നാൻ 6:1 പറയുന്നത് - അതായത്, യെഹൂദ്യയിലെ രണ്ടു പ്രത്യക്ഷതകൾക്ക് ശേഷം നടന്നു എന്നർത്ഥം. ആ നാൽപതു നാളുകൾക്കുള്ളിൽ അതു സംഭവിച്ചു.

### ചില അപ്പൊസ്തലന്മാരെ ഓർപ്പിച്ചു

ഏഴ് അപ്പൊസ്തലന്മാർ ഒരുമിച്ച് ഗലീലാ കടലിനരികെയുണ്ടായിരുന്നു: "ശിമോൻ പത്രൊസും ദിദിമോസ് എന്ന തോമാസും, ഗലീലയിലുള്ള കാനയിലെ നഥനയേലും,[24] സെബദി മക്കളും [യാക്കൊബും യോഹന്നാനും] അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചുകൂടിയിരുന്നു ..."

(യോഹന്നാൻ 21:2).[25] അതു അപ്പൊസ്തലന്മാർക്ക് പരിചയമുള്ള സ്ഥാനമായിരുന്നു. ആ വെള്ളത്തിനരികിലും വെള്ളത്തിന്മീതെയും വെച്ച് യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും നടന്നിട്ടുണ്ട്.[26] യേശുവിന്റെ മുഴുവൻ-സമയ ശിഷ്യന്മാരാകുന്നതിനുമുൻപ് പത്രൊസും, യോഹന്നാനും, യാക്കൊബും അവിടെ മീൻപിടിച്ചുകൊണ്ടിരുന്നതാണ് (മത്തായി 4:18–22).

ശിഷ്യന്മാർ ആ സ്ഥാനത്ത് എത്തിയിട്ട് ഒരുപക്ഷെ നാളുകൾ കഴിഞ്ഞിരിക്കാം. പത്രൊസ് അസ്വസ്ഥനായി കാണപ്പെട്ടു. അവൻ പറഞ്ഞു, "ഞാൻ മീൻ പിടിപ്പാൻ പോകുന്നു" (യോഹന്നാൻ 21:3). മറ്റുള്ളവരും അതിനോട് പ്രതികരിച്ചു, "ഞങ്ങളും പോകുന്നു" (വാക്യം 3). ഇത് എടുത്തുകൊണ്ട് അവർ അപ്പൊസ്തലത്വം ത്യജിച്ചിരുന്നു എന്നു പറയാറുണ്ട്. അവരെ കുറിച്ചു കർത്താവ് കരുതിയ ഭാവിയെ അവർ ഒരുപക്ഷെ തെറ്റിദ്ധരിച്ചിരിക്കാം. എന്നാൽ അവർ പുറന്തിരിഞ്ഞുകാളഞ്ഞു എന്ന് ഒരിക്കലും ചിന്തിക്കരുത്. ഫിലിപ് പെൻലെറ്റൺ എഴുതി,

> അപ്പൊസ്തലത്വം ഉപേക്ഷിച്ചുകൊണ്ടല്ല, അവർ മീൻ പിടിക്കുവാൻ പോയത്; കാര്യങ്ങളുടെ പുരോഗതിക്കായി അവർ കാത്തിരുന്നപ്പോഴായിരുന്നു ആ സമയം അതിനായി ഉപയോഗിച്ചത്; ശക്തമായ പരീക്ഷണത്തിന് അവർ കീഴ്പ്പെടുന്ന ഒന്നായി പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയതിനെ കാണാം [ലൂക്കൊസ് 9:62].[27]

"ആ പുരുഷന്മാർ പുറപ്പെട്ടു പടക്[28] കയറി പോയി, ആ രാത്രിയിൽ[29] അവർ ഒന്നും പിടിച്ചില്ല" (യോഹന്നാൻ 21:3). ഏറ്റവും നല്ല മീൻപിടിത്തക്കാർക്കും അതുപോലെയുള്ള പകലുകളും (രാത്രികളും) ഉണ്ടായിക്കാണും എന്നു നിങ്ങൾക്ക് പറയുവാൻ കഴിയും!

പ്രഭാതത്തിന് തൊട്ടുമുൻപ്, "പുലർച്ചെയായപ്പോൾ യേശു കരയിൽ നിന്നിരുന്നു" (വാക്യം 4); എന്നാൽ, കടൽക്കരയിൽനിന്ന് നൂറുവാര അകലെയായിരുന്ന (വാക്യം 8).[30] ശിഷ്യന്മാർ അവനെ തിരിച്ചറിഞ്ഞില്ല (വാക്യം 4).[31] യേശു അവരോട് ഉറക്കെ, "കുഞ്ഞുങ്ങളേ,[32] കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്നു ചോദിച്ചു" (വാക്യം 5), അവർ ഒരുപക്ഷെ മറുപടി പറയുവാൻ ലജ്ജിച്ചിരിക്കാം. "ഇല്ല" (വാക്യം 5).

യേശു അത്യുച്ചത്തിൽ പറഞ്ഞു, "പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും" (വാക്യം 6). ആ അപരിചിതന് ഒരുപക്ഷെ മീൻപിടിക്കുന്നവർക്ക് കാണുവാൻ കഴിയാത്തതു കാണുവാൻ കഴിഞ്ഞു എന്ന് അവർ കരുതിയിരിക്കാം. ഉദാഹരണത്തിന് ഉപരിതലത്തിൽ ധാരാളം കുമിളകൾ ഉയരുന്നത് അടിയിൽ മീൻകൂട്ടം ഉള്ളതിന്റെ സൂചനയാണ്. എങ്ങനെയായാലും, അവൻ പറഞ്ഞതുപോലെ അവർ ചെയ്തു. അവരുടെ വല നിറയുകയും, "മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല" (വാക്യം 6). അവരുടെ വലയിൽ "നൂറ്റമ്പത്തിമൂന്ന്, വലിയ മീനുണ്ടായിരുന്നു" (വാക്യം 11[33]).

മറ്റുള്ളവർ അതിശയത്താൽ[34] അതിജീവിച്ചുകൊണ്ടിരുന്നപ്പോൾ, ഒരുപക്ഷെ മൂന്നു വർഷം മുൻപ്, അവരേയും, മറ്റു മൂന്നു പേരെയും മുഴുവൻ - സമയ ശിഷ്യന്മാരായി വിളിച്ചപ്പോൾ സംഭവിച്ച അത്ഭുതമീൻ പിടിത്തത്തെ യോഹന്നാൻ ഓർമ്മിച്ചിരിക്കാം (ലൂക്കൊസ് 5:1–11). "അതു കർത്താവാകുന്നു"

എന്ന് യോഹന്നാൻ പറഞ്ഞ് പത്രൊസ് കേട്ടപ്പോൾ ആ ശബ്ദത്തിലെ ആവേശം എനിക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ട് (യോഹന്നാൻ 21:7).

അതു കർത്താവാണെന്ന് ശിമോൻ പത്രൊസ് കേട്ടിട്ട് താൻ നഗ്നനാക കൊണ്ട്[35] (ജോലിക്കായി ബാഹ്യ വസ്ത്രം ഊരിയിരുന്നു) (വാക്യം 7) അങ്കി എടുത്ത് അരയിൽ ചുറ്റി. മീൻ പിടിക്കുവാനായിരുന്നു[36] അങ്കി ഊരിയത്, ഇപ്പോൾ അതു വീണ്ടും എടുത്ത് ഉടുത്തു. അങ്കിയോടുകൂടെ നീന്തുവാൻ പ്രയാസമാണ്. ഇപ്പോൾ അവൻ കർത്താവിനോടുള്ള ബഹുമാനം കാണിച്ചിരിക്കുന്നു. പടക് കടല്ക്കരയിലെത്തട്ടെ എന്ന് അവൻ വിചാരിച്ചില്ല, അവൻ "കടലിലേക്ക് എടുത്ത് ചാടി" (വാക്യം 7) യേശുവിന്റെ അടുത്തേക്ക് അവൻ നീന്തി. മറ്റു ശിഷ്യന്മാർ അധികം ദൂരെയല്ലായ്കയാൽ[37] മീൻ നിറഞ്ഞ വല ... ഇഴെച്ചുകൊണ്ട് "ചെറിയ പടകിൽ പിന്തുടർന്നു" (വാക്യം 8).

"അവർ കരെക്ക് ഇറങ്ങിയപ്പോൾ, അവർ തീക്കനലും അതിന്മേൽ മീൻവെച്ചിരിക്കുന്നതും അപ്പവും കണ്ടു" (വാക്യം 9).[38] അവർ പിടിച്ച മീനും താൻ പാചകം ചെയ്യുന്നതിനോടു ചേർക്കുവാൻ കർത്താവ് ആഗ്രഹിച്ചു (വാക്യങ്ങൾ 10, 11). എല്ലാം തയ്യാറായപ്പോൾ അവൻ പറഞ്ഞു, "വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ" (വാക്യം 12), അവൻ അവർക്ക് എടുത്ത് കൊടുത്തു (വാക്യം 13). എല്ലാവർക്കും "കർത്താവിനെ കാണുവാൻ കഴിഞ്ഞു" (വാക്യം 12), അവൻ ജീവനുള്ളവനായിരുന്നു![39]

**ഒരു അപ്പൊസ്തലൻ യഥാസ്ഥാനപ്പെട്ടു**

തന്റെ കഴിഞ്ഞ പ്രത്യക്ഷതയിൽ യേശു ശ്രദ്ധിച്ചതു തോമാസിനെയായിരുന്നുവെങ്കിൽ, ഈ പ്രാവശ്യം ശ്രദ്ധിച്ചത് പത്രൊസിനെ ആയിരുന്നു. എല്ലാ അപ്പൊസ്തലന്മാരിലും വെച്ച്, പത്രൊസ് ആയിരിക്കാം ഒരപക്ഷെ ഭാവിയെ സംബന്ധിച്ച് നിശ്ചയമില്ലാതിരുന്ന ആൾ. "തന്നെ തള്ളിപ്പറഞ്ഞവനോട് കർത്താവിനു ക്ഷമിക്കുവാൻ കഴിയുമോ? അവന്റെ പദ്ധതിയിൽ ഇപ്പോഴും എനിക്ക് സ്ഥാനമുണ്ടോ?" എന്ന അവന്റെ ചിന്ത എനിക്ക് ഊഹിക്കുവാൻ കഴിയും. പ്രാതൽ കഴിച്ച ശേഷം (വാക്യം 15), യേശു ആ അപ്പൊസ്തലനെ മറ്റുള്ളവരിൽനിന്നു മാറ്റിക്കൊണ്ടുപോയി [40] അതൊരു വൈകാരികമായ സന്ദർഭമായിരുന്നു.

കർത്താവ് ആദ്യം ചോദിച്ചു, "യോഹന്നാന്റെ മകനായ, ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (വാക്യം 15). ചിലർ വിചാരിക്കുന്നത് "ഇവർ" എന്നു പറഞ്ഞിരിക്കുന്നത് മറ്റു ശിഷ്യന്മാരാണ് എന്നാണ്; മറ്റുള്ളവർക്ക് ഉണ്ടായിരുന്നതിനേക്കാൾ തനിക്ക് വിശ്വാസമുണ്ടെന്ന് പ്രകടിപ്പിച്ചവനായിരുന്നു പത്രൊസ് എന്നാണ് അവരുടെ വാദം (മത്തായി 26:33). വേറെ ചിലർ വിചാരിക്കുന്നത്, "ഇവർ" എന്നു പറഞ്ഞിരിക്കുന്നതു മീനും തൂഴയുമാണ് എന്നത്രെ. ഒരുപക്ഷെ നിരാശ തോന്നി അവൻ തന്റെ പഴയ തൊഴിലിലേക്ക് മടങ്ങുവാൻ ആലോചിച്ചതായി കർത്താവിന് കാണുവാൻ കഴിഞ്ഞിരിക്കാം. "ഇവർ" എന്നതിന്റെ പ്രാധാന്യം നോക്കിക്കൊണ്ടിരിക്കുന്നത് അത്ര പ്രാധാന്യമുള്ളതല്ല; യേശു അർത്ഥമാക്കിയതിന്റെ ഉദ്ദേശം, "മറ്റെന്തിനേക്കാളും, *മറ്റാരേക്കാളും അധികമായി എന്നെ സ്നേഹിക്കുന്നുവോ?*" എന്ന ചോദ്യത്തിനു നാം ഓരോരുത്തരും മറുപടി പറയണം.

പത്രൊസ് മറുപടി പറഞ്ഞു, "ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലൊ" (യോഹന്നാൻ 21:15). ആ ചോദ്യം ചോദി

ക്കുന്നതിനു *അഗാപെയോ* എന്ന ഗ്രീക്ക് ക്രിയാവാക്കാണ് യേശു ഉപയോഗിച്ചത്, അത് "സ്നേഹത്തിനുള്ള" ഏറ്റവും വലിയ വാക്കാണ്. "ദൈവം സ്നേഹമാകുന്നു" എന്ന് യോഹന്നാൻ എഴുതിയപ്പോഴും യോഹന്നാൻ ഉപയോഗിച്ചത് *അഗാപെയോ* എന്നതിന്റെ രൂപഭേദമാണ് (1 യോഹന്നാൻ 4:8). സ്നേഹത്തിന്റെ മാഹാത്മ്യത്തെ കുറിച്ച് പൗലൊസ് എഴുതിയപ്പോഴും ആ വാക്കിന്റെ രൂപഭേദമാണ് ഉപയോഗിച്ചത് (1 കൊരിന്ത്യർ 13). എങ്ങനെയായാലും, പത്രൊസ് മറുപടി പറഞ്ഞപ്പോൾ "സ്നേഹം" എന്നതിനു *ഫിലെയോ* എന്ന കുറഞ്ഞ വാക്കാണ് ഉപയോഗിച്ചത് - ഒരു അടുപ്പവും സൗഹൃദവും സൂചിപ്പിക്കുന്ന വാക്ക്.[41] ഫലത്തിൽ, "നീ എന്നെ വാസ്തവത്തിൽ *സ്നേഹിക്കുന്നുണ്ടോ?*" എന്നാണ് യേശു ചോദിച്ചത്. പത്രൊസ് പറഞ്ഞ മറുപടി, "കർത്താവേ നിനക്ക് അറിയാമല്ലോ എനിക്ക് നിന്നോട് *പ്രിയമുണ്ടെ*ന്ന്."[42] "സ്പഷ്ടമായും, പത്രൊസ് ഒരിക്കൽ വീണുപോയതുകൊണ്ട് അവന് *അഗാപെയുടെ*[43] സമർപ്പണം എടുക്കുവാൻ കഴിഞ്ഞില്ല."[44] പത്രൊസിന്റെ പ്രതികരണത്തോട് ക്രിസ്തു പറഞ്ഞു, ''എന്റെ കുഞ്ഞാടുകളെ മേയ്ക്ക'' (വാക്യം 15).

യേശു രണ്ടാമതും ചോദിച്ചു, "യോഹന്നാന്റെ മകനായ, ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" (വാക്യം 16). അപ്പൊസ്തലൻ വീണ്ടും മറുപടി പറഞ്ഞു, "ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ടെന്ന് നീ അറിയുന്നുവല്ലൊ" (വാക്യം 17). അതിന്ന് കർത്താവ് പറഞ്ഞു, "എന്റെ ആടുകളെ പാലിക്ക" (വാക്യം 17).

കർത്താവ് മൂന്നാമതും ചോദിച്ചു, "യോഹന്നാന്റെ മകനായ, ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" (വാക്യം 17). ഇത്തവണ യേശു "സ്നേഹത്തിന്" ഉപയോഗിച്ചത് പത്രൊസ് അതുവരെയും ഉപയോഗിച്ച *ഫിലെയോ* എന്ന വാക്കാണ്. ഫലത്തിൽ, അവൻ ചോദിച്ചു, "നീ വാസ്തവമായും എനിക്ക് പ്രിയപ്പെട്ടവനാണോ?" ക്രിസ്തു അങ്ങനെ ചോദിച്ചതിൽ അപ്പൊസ്തലന് "ദുഃഖമുണ്ടായി" അതിന് അവൻ മറുപടി പറഞ്ഞു, "കർത്താവേ, നീ സകലവും അറിയുന്നു, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു" (വാക്യം 17). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിനക്ക് അറിയാം ഞാൻ നിന്റെ സ്നേഹിതനാണ് എന്ന്." അതിന് ക്രിസ്തു പറഞ്ഞു, "എന്റെ ആടുകളെ മേയ്ക്ക" (വാക്യം 17).

പത്രൊസ് മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞത് റദ്ദ് ചെയ്യുവാനായിരുന്നു അവനെക്കൊണ്ട് മൂന്ന് പ്രാവശ്യം അവനുള്ള സ്നേഹത്തെ ഏറ്റു പറയിപ്പിച്ചതെന്ന് എഴുത്തുകാർ പറഞ്ഞിട്ടുണ്ട് - അങ്ങനെ ആയിരിക്കാം. ചുരുങ്ങിയത് കർത്താവ് അവനെ തള്ളിക്കളഞ്ഞിട്ടില്ല എന്നും അവന് ഇനിയും ചെയ്യുവാനായി ധാരാളം കാര്യങ്ങളുണ്ടെന്നും പത്രൊസിനെ ബോധ്യമാക്കുവാൻ കർത്താവ് ആഗ്രഹിച്ചു. അപ്പൊസ്തലന് വാക്കുകളാൽ വെല്ലുവിളികളെ ബോധ്യമാക്കി കൊടുത്തു: "എന്റെ കുഞ്ഞാടുകളെ മേയ്ക്ക," "എന്റെ ആടുകളെ പാലിക്ക," "എന്റെ ആടുകളെ മേയ്ക്ക" (വാക്യങ്ങൾ 15-17). സഭയുടെ പ്രാരംഭഘട്ടത്തിൽ അപ്പൊസ്തലന്മാർ "കൂട്ടത്തെ" മുഴുവൻ "ഇടയന്മാരെ പോലെ" ആണ് സേവിച്ചിരുന്നത് (എല്ലാ ദൈവജനത്തെയും).[45] പിന്നീട്, അപ്പൊസ്തലൻ എന്ന ഉത്തരവാദിത്വത്തിനു പുറമേ, പ്രാദേശിക ഇടവകയുടെ "മൂപ്പന്മാരിലൊരാൾ" അഥവാ "ഇടയന്മാരിലൊരാൾ" (അല്ലെങ്കിൽ "മേയ്ക്കുന്നവരിലൊരാൾ" എന്ന നിലയിലും സേവി

ച്ചിട്ടുണ്ട്; (1 പത്രൊസ് 5:1-4).

യേശു പത്രൊസിനായി നീക്കി വെച്ച പങ്ക് പത്രൊസ് സ്വീകരിക്കുവാൻ സമ്മതിച്ചുവെങ്കിൽ, അതിന് കൊടുക്കേണ്ട വില കൊടുപ്പാനും അവൻ തയ്യാറാകേണ്ടിയിരുന്നു: ഒരു രക്തസാക്ഷിയുടെ മരണം. അപ്പൊസ്തലന്റെ ക്രമീകരണത്തെ കുറിച്ച് ക്രിസ്തു തുടർന്നു:

> യേശു അവനോട് പറഞ്ഞു, "... ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു, നീ യൗവനക്കാരൻ ആയിരുന്നപ്പോൾ, നീ തന്നെ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു. വയസായപ്പോഴോ നീ കൈ നീട്ടുകയും വേറൊരുത്തൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്ക് നിന്നെ കൊണ്ടുപോകയും ചെയ്യും എന്നു പറഞ്ഞു." അതിനാൽ അവൻ ഇന്നവിധം മരണം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തും എന്ന് അവൻ സൂചിപ്പിച്ചു. ഇതു പറഞ്ഞിട്ട് "എന്നെ അനുഗമിക്ക!" എന്ന് അവനോട് പറഞ്ഞു[46] (യോഹന്നാൻ 21:17-19).

യേശു ഇവിടെ വാക്കുകൾ കൊണ്ട് പന്താടുകയായിരുന്നു: വാക്യം 18 ലെ രണ്ടാമത്തെ "കെട്ട്" അപ്പൊസ്തലന്റെ ശത്രുക്കൾ അവനെ ബന്ധിച്ച് മരണത്തിലേക്ക് കൊണ്ടുപോകുമെന്നതിന്റെ മുന്നറിയിപ്പാണ് (മർക്കൊസ് 15:1 താരതമ്യം ചെയ്യുക). ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, മുപ്പത്തി-നാലു വർഷങ്ങൾക്ക് ശേഷം പത്രൊസിനെ തലകീഴായി ക്രൂശിച്ചു.[47] അതു ശരിയാണെങ്കിലും അല്ലെങ്കിലും, യോഹന്നാൻ 21:18 പ്രകാരം കർത്താവിന്റെ വെല്ലുവിളി പത്രൊസ് ഏറ്റെടുത്ത് അവനെ അനുഗമിക്കുകയാണെങ്കിൽ, വിശ്വാസത്തിനുവേണ്ടി അവൻ എന്നെങ്കിലും മരിക്കേണ്ടിവരുമായിരുന്നു.

പത്രൊസിന്റെ യഥാസ്ഥാനത്തിന് യോഹന്നാനും സാക്ഷിയായിരുന്നതും ഉൾപ്പെടുത്തി[48] ആ രംഗം അവസാനിപ്പിക്കുകയാണ്. യോഹന്നാൻ അവനെ അനുഗമിച്ചത്, പത്രൊസ് ശ്രദ്ധിച്ചു (യോഹന്നാൻ 21:20) യേശുവിനോട് ചോദിച്ചു, "കർത്താവേ, അവന്നു എന്തു ഭവിക്കും?" (വാക്യം 21). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "ഞാൻ വിശ്വാസത്തിനായി മരിക്കും എന്നു നീ പറഞ്ഞു, എന്നാൽ യോഹന്നാന് എന്തു സംഭവിക്കും?" ക്രിസ്തു അതിനു പെട്ടെന്ന് മറുപടി പറഞ്ഞു, "ഞാൻ വരുവോളം അവൻ ഇരിക്കേണം എന്ന് എനിക്ക് ഇഷ്ടമെങ്കിൽ, അതിന് നിനക്ക് എന്ത്? നീ എന്നെ അനുഗമിക്ക!" (വാക്യം 22). യേശു പത്രൊസിനോട് പറഞ്ഞത് നിനക്ക് ബന്ധമില്ലാത്ത കാര്യത്തെകുറിച്ച് നീ അന്വേഷിക്കേണ്ട എന്നാണ്. അവൻ യോഹന്നാനെ കുറിച്ച് വിചാരപ്പെടുന്നതിനു പകരം, താൻ കർത്താവിനെ അനുഗമിച്ച് മരണത്തോളം വിശ്വസ്തമായിരിക്കേണ്ടതിനെ കുറിച്ചായിരുന്നു ചിന്തിക്കേണ്ടിയിരുന്നത്.

ഒരുപക്ഷെ യോഹന്നാനെ കുറിച്ച് യേശു പറഞ്ഞ കാര്യം പത്രൊസ് മറ്റുള്ളവരോട് പറഞ്ഞിരിക്കാം കാരണം "ആ സഹോദരൻ മരിക്കയില്ല എന്ന ഒരു ശ്രുതി സഹോദരന്മാർക്കിടയിൽ പരന്നിരുന്നു" (വാക്യം 23) - അതായിരുന്നില്ല യേശു പറഞ്ഞത് (വാക്യം 23). ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച് യോഹന്നാൻ മാത്രമെ സ്വാഭാവികമായി മരിച്ചുള്ളു. 90 കളിലാണ് യോഹന്നാൻ തന്റെ സുവിശേഷവിവരണം എഴുതിയതെങ്കിൽ,[49]

അവന് ആ സമയത്ത്, ഏതാണ്ട് 90 വയസ് പ്രായമുണ്ടായിരുന്നു. ആ കിംവദന്തി കെടുത്തുവാനായിരിക്കാം ഒരുപക്ഷെ യോഹന്നാൻ 20 മുതൽ 23 വരെയുള്ള വാക്യങ്ങളിൽ ആ വ്യാഖ്യാനം നല്കിയത്.

സംഭവത്തിന്റെ ആ ഭാഗം ഉൾപ്പെടുത്തുവാനുള്ള ദൈവത്തിന്റെ കാരണം എന്തായാലും, ആ പ്രധാന വാക്യത്തിന് അതൊരു ആമുഖമാണ്: "ഈ ശിഷ്യൻ ഇതിനെക്കുറിച്ച് [അതായത്, പത്രൊസ് യോഹന്നാനെ കുറിച്ച് പറഞ്ഞത്] സാക്ഷ്യം പറയുന്നവനും ഇത് എഴുതിയവനുമാകുന്നു. അവന്റെ സാക്ഷ്യം സത്യം എന്ന് ഞങ്ങൾ അറിയുന്നു" (വാക്യം 24). ഭാഷ പ്രത്യേകതയുള്ളതാണെങ്കിലും,[50] സന്ദേശം വ്യക്തമാണ്: ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടവനായിരുന്നു യോഹന്നാൻ, അതുകൊണ്ട് അവന്റെ സാക്ഷ്യം വിശ്വസിക്കാവുന്നതാണ്. ക്രിസ്തു വാസ്തവത്തിൽ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു!

## ഉപസംഹാരം

താൻ തീർച്ചയായും ജീവിച്ചിരിക്കുന്നു എന്ന് "ബോധ്യപ്പെടാവുന്ന പല തെളിവുകളും" അവൻ ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തു. പിന്നെ യോഹന്നാൻ (മറ്റു സുവിശേഷവിവരണ എഴുത്തുകാരോടൊപ്പം) ആ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്, നമുക്കും, കൂടെ, വിശ്വസിക്കേണ്ടതിനാണ് (യോഹന്നാൻ 20:30, 31). മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങൾ നിങ്ങൾ വായിച്ച് പഠിക്കുമ്പോൾ ഒന്നുകിൽ അവ നിങ്ങളിൽ വിശ്വസം ജനിപ്പിക്കയോ, അല്ലെങ്കിൽ വിശ്വാസം വർദ്ധിപ്പിക്കുകയോ ചെയ്യും എന്നാണെന്റെ പ്രാർത്ഥന. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള ഈ പഠനം നിങ്ങളെ സ്പർശിച്ചില്ലെങ്കിൽ നിങ്ങളെ ബോധ്യപ്പെടുത്തുന്നതെന്താണ്?[51]

## പ്രസംഗക്കുറിപ്പുകൾ

രണ്ടു-ഭാഗമുള്ള പാഠത്തിൽ ഒന്നാമത്തേതാണിത്. "ഗുഡ്ബൈ - ഉം ഹലോയും" എന്നതാണ് അടുത്ത രണ്ടാം ഭാഗം. രണ്ടാം ഭാഗത്തെ തുടർന്ന്, രണ്ടുഭാഗത്തിന്റേയും പിന്തുടർച്ചയായി ഒരു പ്രസംഗം രൂപപ്പെടുത്തിയിരിക്കുന്നു: ആരോഹണത്തെ കുറിച്ചുള്ള ആ പ്രസംഗത്തെ "തേജസിൽ എടുക്കപ്പെട്ടു" എന്നു വിളിക്കാം. ഈ രണ്ടു ഭാഗങ്ങളും തികച്ചും രണ്ടു വേറിട്ട പാഠങ്ങളായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നാം ഭാഗത്തിന് ശേഷം നിങ്ങൾക്ക് വേറൊരു പ്രസംഗം ആവശ്യമാണ്. ഗലീലാ കടലിനരികെയുള്ള യേശുവിന്റെ പ്രത്യക്ഷതകളെ കുറിച്ചു പ്രസംഗിക്കുവാനാണ് ഞാൻ പറയുന്നത്. ആ പ്രസംഗത്തെ നിങ്ങൾക്ക് "യേശു പ്രാതൽ പാകം ചെയ്ത ദിവസം" എന്നു വിളിക്കാം. അതിൽ യേശു പത്രൊസുമായി നടത്തിയ ആശയവിനിമയവും ഉൾപ്പെടുത്താം. ഒരു പ്രസ്താവ്യ പ്രസംഗത്തിനുള്ള സ്വാഭാവികമായതാണ് ആ വേദഭാഗം.

തോമാസിന്റെ സ്വഭാവത്തെ കുറിച്ച് പ്രസംഗിക്കാവുന്നതാണ് മറ്റൊരു സാധ്യത. തോമാസിനെ "സംശയിച്ചവനായി" ലോകത്തിൽ മിക്കവരും അറിയുന്നുണ്ട്, എന്നാൽ അവനെ കുറിച്ച് നമുക്ക് ധാരാളം പറയുവാനുണ്ട്.[52] അടഞ്ഞ വാതിലൂടെ കടന്ന് ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനായതു എടുത്ത് "മരണത്തെ ഭയപ്പെടുമ്പോൾ, നിങ്ങൾ എന്തു ചെയ്യും?"[53] എന്ന പ്രെന്റിസ്

മെഡറിന്റെ സമീപനം ആണ് മറ്റൊരു സാധ്യത.

---

കുറിപ്പുകൾ

[1]ഞായറാഴ്ച്ച നടന്ന ആ പ്രത്യക്ഷതയെകുറിച്ച് കൂടുതൽ അറിയുവാൻ ഈ പാഠത്തിൽ പിന്നീട് വരുന്ന യോഹന്നാൻ 20:19 ന്റെ പരാമർശങ്ങൾ നോക്കുക. [2]പെന്തെകൊസ്തുപെരുനാളിനു അമ്പതു നാളുകൾക്ക് മുൻപായിരുന്നു പെസഹാ പെരുനാൾ. പെസഹക്ക് ശേഷം നാല്പതു നാൾ യേശു ശിഷ്യന്മാരോടൊപ്പം ചെലവഴിച്ചശേഷമാണ് സ്വർഗാരോഹണം ചെയ്തത്; പെന്തെകൊസ്തിനു മുൻപ് അപ്പൊസ്തലന്മാർക്ക് പത്തു ദിവസം കാത്തിരിക്കേണ്ടി വന്നു. [3]രണ്ടു-ഭാഗങ്ങളുള്ള പാഠത്തിന്റെ ആദ്യഭാഗമാണിത്, രണ്ടാമത്തെ ഭാഗം ഈ പുസ്തകത്തിൽ പിന്നീട് വരുന്നതാണ്. [4]സമയം കണക്കാക്കുന്നതിന് യോഹന്നാൻ ഉപയോഗിച്ചത് റോമാക്കാരുടെ സമയക്കണക്കാണെന്നതിന്റെ ശക്തമായ തെളിവാണ് യോഹന്നാൻ 20:19. അദ്ധ്യായം 19-ൽ യോഹന്നാൻ ശൂന്യമായ കല്ലറയും മഗ്ദലക്കാരത്തി മറിയക്കും - പിന്നെ അപ്പൊസ്തലന്മാർക്കും യേശു പ്രത്യക്ഷനായതും രേഖപ്പെടുത്തിയിരിക്കുന്നു. യോഹന്നാൻ റോമാക്കാരുടെ കണക്കനുസരിച്ചു പറയുന്നതായാലേ യേശു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷമായത് "... ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ വൈകുന്നേര" മാകയുള്ളു. [5]യെഹൂദ കണക്കായാലും, റോമൻ കണക്കായാലും ശരി, യേശു ഉയർത്തെഴുന്നേറ്റത് അർദ്ധരാത്രിക്കും സൂര്യോദയത്തിനും മദ്ധ്യേയാണ്. അതുകൊണ്ട്, അതു "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ തന്നെ." [6]അവർ യേശുവോടൊപ്പം പെസഹ ഭക്ഷിച്ച മാളികമുറിയിലേക്ക് തിരിച്ചുവന്നു എന്ന് ചിലർ വിശ്വസിക്കുന്നു. [7]പല സംഭവങ്ങളും യോജിച്ചിരിക്കുന്നതാണ് മർക്കൊസ് 16:14-19: അപ്പൊസ്തലന്മാർക്ക് ക്രിസ്തു ആദ്യം പ്രത്യക്ഷമാകുന്നതും, മഹത്തായ ആജ്ഞയും സ്വർഗാരോഹണവും. ഈ മൂന്നു സംഭവങ്ങൾ ഉടനടിയായി സംഭവിച്ചതായി നമുക്ക് മർക്കാസിന്റെ വിവരണത്തിൽനിന്ന് തോന്നിയേക്കാം; എന്നാൽ മറ്റു വിവരണങ്ങൾ കൂടെ വായിച്ചാൽ ഓരോന്നും സമയമെടുത്തു സംഭവിച്ചതാണെന്ന് കാണാം. [8]ഈ പുസ്തകത്തിൽ നേരത്തെ വന്ന "വിശ്വസിക്കുവാൻ പ്രയാസപ്പെടുന്നു" എന്ന പാഠം നോക്കുക. [9]മത്തായി 14:26 ഉം പ്രവൃത്തികൾ 12:15 ഉം താരതമ്യം ചെയ്യുക. സംഘർഷമുണ്ടാകുമ്പോൾ പഴയ അന്ധവിശ്വാസങ്ങൾ ഉപരിതലത്തിലേക്ക് വന്നേക്കാം. [10]യോഹന്നാൻ 17:18 നോക്കുക, ആ നിമിഷം അതിനായി കാത്തിരുന്നു.

[11]ഇതു നമ്മേക്കാൾ കൂടുതൽ ശിഷ്യന്മാർക്ക് വ്യക്തമാകും, കാരണം "സ്പിരിട്ട്" എന്നതിന് ഗ്രീക്കിൽ (*ന്യുമാ*) ഉപയോഗിച്ചതിന്റെ അർത്ഥം "ബ്രീത്ത്" എന്നാണ്. [12]പരിശുദ്ധാത്മാവ് അവരിൽ എന്തു ചെയ്യുമെന്നറിയുവാൻ *ക്രിസ്തുവിന്റെ ജീവിതം, 3* ലെ "അവസാന-നിമിഷ ഏർപ്പാടുകൾ" എന്ന പാഠം നോക്കുക. [13]യോഹന്നാൻ 20:23 ലെ ഭാഷ തന്നെയാണ് മത്തായി 16:19 ലും 18:18 ലും ഉപയാഗിച്ചിരിക്കുന്നത്, ആ മാറ്റം ആദ്യം സംഭവിക്കുന്നത് സ്വർഗത്തിലും പിന്നെ ഭൂമിയിലുമാണ്. [14]എബ്രായ വാക്കായ "തോമാസിന്റെയും" ഗ്രീക്ക് വാക്കായ ദിദിമോസ് എന്നതിന്റെയും അർത്ഥം "ഇരട്ട" എന്നാണ്. തോമാസിന് ഇരട്ട സഹോദരന്മാരോ സഹോദരിമാരോ ഉണ്ടായിരിക്കണം. [15]യോഹന്നാൻ 17 ലെ അവന്റെ പ്രാർത്ഥനയിൽ, യേശു ഊന്നൽ കൊടുത്തത് ഐക്യതക്കായിരുന്നു (യോഹന്നാൻ 17:22, 23). പ്രാർത്ഥന, എല്ലാ വിശ്വാസികൾക്കും വേണ്ടിയായിരുന്നു. എന്നാൽ, അപ്പൊസ്തലന്മാരും അതിൽ ഉൾപ്പെട്ടിരുന്നു. [16]എൻഐവയിൽ "ഒരാഴ്ച്ച കഴിഞ്ഞ്" എന്നാണ്. യോഹന്നാൻ കണക്കുകൂട്ടിയതനുസരിച്ച് ഇത് അടുത്ത ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളാണ്. അത് യേശു ശിഷ്യന്മാരെ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുവാനാണ് എന്ന് ചിലർ കരുതുന്നു - അതു അടിസ്ഥാനപര

മായി പഴയനിയമകാലത്തുള്ള ആളുകൾ ദൈവത്തിനായി ഉഴിഞ്ഞുവെച്ച ഏഴാം നാളിനു പകരമാണ്. [17]റോബർട്ട് ഡങ്കൺ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 277. പത്രൊസും മാർത്തയും കർത്താവിനെ ഏറ്റു പറയുന്നതിൽ അവന്റെ ദൈവികത്വവും ഉൾപ്പെടുന്നു (മത്തായി 16:16; യോഹന്നാൻ 11:27), എന്നാൽ തോമാസിന്റെ ഏറ്റുപറച്ചൽ കൂടുതൽ സ്പഷ്ടമാണ്. [18]ചില മതവാദികൾ യേശുവിന്റെ ദൈവികത്വം നിരസിച്ചുകൊണ്ട്, അവൻ "ഏകദൈവമല്ല," പല ദൈവങ്ങളിൽ "ഒരു ദൈവമാണ്" എന്നു പറയും. മൂലഗ്രന്ഥത്തിൽ തോമാസ് യേശുവിനെ "എന്റെ ഏക ദൈവം" എന്നാണ് പറഞ്ഞത്. യേശു "ഏകദൈവം" അല്ലായിരുന്നുവെങ്കിൽ അവൻ തോമാസിനെ ശാസിക്കുമായിരുന്നു, പകരം അവൻ തോമാസിനെ അതിന് അഭിനന്ദിക്കയായിരുന്നു. [19]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 754. [20]ആ സംഖ്യ കല്ലറയിലേക്ക് പോയ സ്ത്രീകളേയും കൂടെ ഉൾപ്പെടുത്തിയതാണ്. യേശുവിന്റെ ഉയർത്തെഴുന്നേല്പിനെ കുറിച്ച് ദൂതന്മാർ അവരോട് പറഞ്ഞ വാർത്ത അവർ വിശ്വസിച്ചു (മത്തായി 28:5-8; ലൂക്കൊസ് 24:22, 23), അതു ക്രിസ്തു അവർക്ക് നേരിട്ടു പ്രത്യക്ഷനാകുന്നതിനു മുൻപായിരുന്നു (മത്തായി 28:9, 10).

[21]യോഹന്നാൻ 20:30, 31 തികച്ചും യോഹന്നാന്റെ പുസ്തകത്തിന്റെ യോജിക്കുന്ന അവസാനം ആകകൊണ്ട്, യോഹന്നാൻ അവിടെ അവസാനിപ്പിച്ചു എന്നും, അദ്ധ്യായം 21 പിന്നീട് കൂട്ടിച്ചേർത്തതാണെന്നും, അതു യോഹന്നാൻ തന്നെയോ അല്ലെങ്കിൽ മറ്റാരോ ചെയ്തതാകാം എന്നും പറയപ്പെടുന്നു. എങ്ങനെയായാലും, മൂലഗ്രന്ഥം വ്യക്തമാക്കുന്നത് അദ്ധ്യായം 21 യോഹന്നാന്റെ പുസ്തകത്തിന്റെ കൂടെ തന്നെയുള്ളതാണ് എന്ന് എല്ലാ കയ്യെഴുത്തുപ്രതികളും ഉറപ്പു വരുത്തുന്നു. പൗലൊസ് സ്പഷ്ടമായും അവസാനിപ്പിക്കുന്നതുമായി യോഹന്നാൻ 20:30, 31 മൂയി താരതമ്യം ചെയ്യാവുന്നതാണ് (ഉദാഹരണത്തിന്, ഫിലിപ്പിയർ 3:1 ഉം 4:8 ഉം), അതു അവസാനമേ ആയിരുന്നില്ല. യോഹന്നാൻ 20:30, 31-ൽ തന്നെയാണ് യേശു യോഹന്നാൻ 20:29 പറഞ്ഞ പ്രായോഗികത. [22]ഒരു *സംഘമായി* അപ്പൊസ്തലന്മാർക്ക് യേശു ഇതു മൂന്നാം പ്രാവശ്യമാണ് പ്രത്യക്ഷനാകുന്നത്; തീർച്ചയായും, അവൻ, മറ്റു വ്യക്തികൾക്കും ചെറിയ സംഘങ്ങൾക്കും പ്രത്യക്ഷനായിട്ടുണ്ട്. [23]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ഗലീലാ കടൽ" എന്ന പാഠം നോക്കുക. [24]യേശുവിന്റെ ആദ്യശിഷ്യന്മാരിൽ ഒരാളായിരുന്നു നഥനയേൽ (യോഹന്നാൻ 1:43-51). യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായിരുന്ന ബെർത്തലോമായിയുടെ മറ്റൊരു പേരായിരുന്നു "നഥനയേൽ" എന്ന് പറയപ്പെട്ടിട്ടുണ്ട്. നഥനയേലിന്റെ പേർ പല അപ്പൊസ്തന്മാരോടൊപ്പം പറഞ്ഞിരിക്കുന്നത് അതിനു ബലം പകരുന്നു. [25]കർത്താവ് ഇതു "മൂന്നാം പ്രാവശ്യമാണ് ശിഷ്യന്മാർക്ക് പ്രത്യക്ഷനായത് " എന്ന് യോഹന്നാൻ ശ്രദ്ധിച്ചതുകൊണ്ട് (21:14). ആ ഏഴുപേർ യേശുവോടൊപ്പം പ്രാതൽ കഴിച്ചപ്പോൾ അധികം ദൂരെയല്ലാതിരുന്ന മറ്റു ശിഷ്യന്മാരും അവരോടൊപ്പം ചേർന്നു കാണുവാൻ സാധ്യതയുണ്ട്. [26]യേശു കടലിനരികെ നിന്നു പ്രസംഗിച്ചു; കടലിനരികിലേക്ക് അവൻ തന്റെ നിരവധി അനുയായികളെ ക്ഷണിച്ചു; അവൻ കടൽവെള്ളത്തിന്മീതെ നടന്നു; അവൻ കടലിനെ ശാന്തമാക്കി. [27]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 755. [28]അത് ആരുടെ പടക് ആയിരുന്നു? ശിഷ്യന്മാർ അത് വാടകക്ക് എടുത്തതാകാം. പുരുഷന്മാർ അപ്പോഴും അവരുടെ മീൻപിടിക്കുവാനുള്ള ഉപകരണങ്ങൾ അവുടെത്തന്നെ സൂക്ഷിച്ചിരിക്കാം, അവ പത്രൊസിന്റേയും അന്ത്രെയൊസിന്റേയും അല്ലെങ്കിൽ യോഹന്നാന്റേയും യാക്കൊബിന്റേയും വീട്ടുകാരുടേതായിരിക്കാം. [29]ഗലീലാ കടലിലെ മീൻപിടിത്തം സാധാരണ രാത്രിയിലായിരുന്നു (ലൂക്കൊസ് 5:5 നോക്കുക). [30]ഗ്രീക്കിൽ ഇരുനൂറു മുഴം എന്നാണ് (കെജെവി

നോക്കുക). ഒരു മുഴം എന്നതു ഒന്നര അടി ആകകൊണ്ട്, ഇരുന്നുറു മുഴമെന്നതു ഇരുന്നുറു മുഴം എന്നതു ഏതാണ്ട് മൂന്നൂറ് അടി അല്ലെങ്കിൽ നൂറു വാര വരും.

[31]ഒരിക്കൽ കൂടെ, യേശുവിനെ ശിഷ്യന്മാർ തിരിച്ചറിഞ്ഞില്ല. സാധ്യമായ വസ്തുതകൾ ഇതാ: അവൻ അവരിൽനിന്ന് അല്പം അകലെ ആയിരുന്നു; അവർ അവനെ പ്രതീക്ഷിച്ചിരുന്നില്ല; അപ്പോഴും ഇരുട്ടുണ്ടായിരുന്നു. [32]"കുട്ടികൾ" എന്നതിനുള്ള ഗ്രീക്ക് വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, മറിച്ച് "ആൺകുട്ടികൾ" എന്നതിനുള്ള വാക്കാണ് എൻഐവിയിൽ "സ്നേഹിതന്മാർ" എന്നാണ്. [33]സംഖ്യയുടെ ഇവിടെ പറയുന്ന കൃത്യത അസാധാരണമാണ് (സാധാരണ, നമുക്ക് നല്കിയിട്ടുള്ളത് ഏകദേശസംഖ്യയാണ്). ഇതു "മീൻപിടിക്കുന്നവന്റെ" ഒരു കഥയല്ല നാം അറിയണമെന്ന് യോഹന്നാൻ ഒരുപക്ഷെ ആഗ്രഹിച്ചിരിക്കാം, എന്നാൽ, ശരിയായ പിടിത്തത്തെ അവൻ കണക്കാക്കി. ധാരാളം മീൻ കയറിയിട്ടും വല കീറിയില്ല എന്നതാണ് വാക്യം 11 ലെ പോയിന്റ്. ഇതു മുൻപ് നടന്ന അത്ഭുതത്തിൽ വല കീറിയതിൽനിന്ന് വ്യത്യസ്തമായിരുന്നു (ലൂക്കൊസ് 5:6); വല കീറിയില്ല എന്നതു ഒരുപക്ഷെ അത്ഭുതത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കാം. [34]മുൻപു നടന്ന ഇതേ അത്ഭുതത്തിൽ, അത്ഭുതകരമായ മീൻപിടിത്തത്തിൽ മൂൻപിടിത്തക്കാർ അതിശയിച്ചു (ലൂക്കൊസ് 5:9). [35]ഗ്രീക്ക് വേദപുസ്തകത്തിൽ "നഗ്നനായിരുന്നു" എന്നാണ് (കെജെവി നോക്കുക), എന്നാൽ, പലപ്പോഴുമെന്നപോലെ, ഇവിടെ "നഗ്നനായിരുന്നു" എന്നതു അർത്ഥമാക്കുന്നത് "മതിയായത്ര വസ്ത്രമില്ലാതെ" എന്നാണ്. പത്രൊസ് ഒരുപക്ഷെ അവന്റെ അടിവസ്ത്രത്തിലായിരുന്നേക്കാം, പക്ഷെ കർത്താവിനെ സ്വാഗതം ചെയ്വാൻ അത് പോരാ എന്ന് അവൻ കണക്കാക്കി. [36]ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഞങ്ങൾ പറയും: "ടേക്ക് ഓഫ് യുവർ കോട്ട് ആന്റ് ഗോ ടു യുവർ വർക്ക്!" [37]"ചെറിയ പടക്" ഒരുപക്ഷെ മീൻപിടിക്കുന്നതിന് അവർ ഉപയോഗിക്കുന്നതാകാം. വലിയ പടകിൽ മീൻപിടിക്കുന്നവരുടെ പുറകിൽ കെട്ടുന്നതാണ് ചെറു പടക് എന്നും, ഈ ചെറിയ പടകിൽ കയറിയാണ് പടകിനെ കരക്ക് അടുപ്പിക്കുന്നതെന്നും ചിലർ പറയുന്നു. [38]യേശുവിന് എവിടെനിന്നാണ് മീനും അപ്പവും എന്ന് നമ്മോട് പറയുന്നില്ല. "'നീ ആരാകുന്നു?' എന്ന് ചോദിപ്പാൻ ശിഷ്യന്മാരാരും ധൈര്യപ്പെട്ടില്ല" എന്ന് വാക്യം 12 പറയുന്നു. ആ സന്ദർഭത്തിൽ, അവൻ ആരെന്ന് ചോദിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല, കാരണം ഉത്തരം തീർച്ചയായിരുന്നു. യോഹന്നാൻ 14:9-ൽ ലഭിച്ചതുപോലെ ശാസന കിട്ടിയാലോ എന്ന ഭയത്താലായിരുന്നു എന്ന് ചിലർ കരുതുന്നു. [40]യേശുവും പത്രൊസും മറ്റുള്ളവരിൽനിന്ന് നടന്നകന്നതുകൊണ്ടാണ് വാക്യം 20-ൽ യോഹന്നാനെ കുറിച്ച് "അവൻ അവരെ അനുഗമിച്ചു" എന്ന് പറഞ്ഞിരിക്കുന്നത്.

[41]"സ്നേഹം" എന്നതിനുള്ള രണ്ടു ഗ്രീക്ക് വാക്കുകളുടെ അർത്ഥവ്യത്യാസം കൂടുതലറിയുവാൻ ഡേവിഡ് എൽ. റോപ്പർ, ഗെറ്റിങ്ങ് സീരിയസ് എബൗട്ട് ലവ് (സെർസി, അർക്ക.: റിസോഴ്സ് പബ്ലിക്കേഷൻസ്, 1992), 20-27, 34, 35. [42]ലിവിങ്ങ് ബൈബിളിലെ സമാന്തരപ്രയോഗത്തിൽ, "യേസ് ലോഡ്, ... യു നോ അയാം യുവർ ഫ്രന്റ്." [43]*അഗാപെയോ* എന്നതിന്റെ നാമമാണ് *അഗാപെ*. [44]റോപ്പർ, 35. [45]അവർ ദൈവ-നിയമിതരായ യേശുവിന്റെ പ്രതിനിധികളായിരുന്നു, യേശു "ശ്രേഷ്ട ഇടയനാണ് " (1 പത്രൊസ് 5:4). [46]യേശു ആദ്യം പത്രൊസിന് നൽകിയ വെല്ലുവിളി "എന്നെ അനുഗമിക്ക" എന്നതായിരുന്നു (മത്തായി 4:19). അപ്പോഴത്തേതും അതു തന്നെയായിരുന്നു, "എന്നെ അനുഗമിക്ക!" (യോഹന്നാൻ 21:19, 22). അതു എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും, തിരിച്ചറിവിലെത്തിയ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള വെല്ലുവിളിയാണ്. [47]ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, യേശുവിനെപോലെ ക്രൂശിക്കപ്പെടുവാൻ അവനു യോഗ്യതയില്ലെന്ന് പറഞ്ഞു തലകീഴായി ക്രൂശിക്കപ്പെടുന്നത് തിരഞ്ഞെടുത്തു. [48]വീണ്ടും, "യേശു സ്നേഹിച്ച ശിഷ്യൻ" എന്നു പറഞ്ഞിരിക്കുന്നത് യോഹന്നാനാണെന്ന്

കരുതപ്പെടുന്നു. ഈ സന്ദർഭത്തിൽ, എങ്ങനെയായാലും, ഈ പുസ്തകം എഴുതിയ വൻ എന്നുകൂടെ അവൻ പറയുന്നുണ്ട് (യോഹന്നാൻ 21:24) - ഈ പുസ്തകത്തിന്റെ ലേഖകൻ അപ്പൊസ്തലനായ യോഹന്നാൻ തന്നെ എന്ന് നമുക്ക് ഉറപ്പാണ്. [49]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ “യോഹന്നാന്റെ പുസ്തകം: ക്രിസ്തു ദൈവപുത്രൻ” എന്നതു നോക്കുക. [50]ആ വേദഭാഗത്ത്, ഒന്നാം വ്യക്തിയും മൂന്നാം വ്യക്തിയും, ബഹുവചനവും ഏകവചനവും ചേർത്ത് പറഞ്ഞിരിക്കുന്നു. ഇതു എഫെസോസിലെ സഭാദ്ധ്യക്ഷന്മാർ പരാമർശിച്ചതാണെന്ന് ചിലർ കരുതുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും അംഗീകാരത്തോടെ ദൈവശ്വാസിയതയാലാണ് യോഹന്നാൻ എഴുതിയത് എന്ന് നാം പറയണം.

[51]ഈ പാഠത്തിലെ അവസാന വാചകം നിങ്ങളുടെ ക്ലാസിൽ ചർച്ചക്കുള്ളതാണ്. നിങ്ങളുടെ ക്ലാസിലെ ആരെങ്കിലും യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നില്ലെങ്കിൽ, അവനോ അവൾക്കോ എന്താണ് തടസമെന്ന് കണ്ടെത്തുകയും - അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക. [52]ജുഡ്സോണിയയിലെ എന്റെ വിദ്യാർത്ഥികളിൽ ഒരാൾ (ഫ്രാൻസിസ് ഡാനെൽ) പറഞ്ഞത് മറ്റു അപ്പൊസ്തലന്മാരെ ബോധ്യപ്പെടുത്തുന്നതിനേക്കാൾ കുറഞ്ഞ തെളിവുകളേ തോമാസിനെ ബോധ്യപ്പെടുത്തുവാൻ വേണ്ടി വന്നുള്ളു എന്നാണ്. അവൻ കർത്താവിനെ കണ്ടപ്പോൾ തന്നെ വിശ്വസിച്ചു (യോഹന്നാൻ 20:27, 28), എന്നാൽ മറ്റുള്ളവർക്ക് വേറെയും തെളിവുകൾ വേണ്ടി വന്നു (ലൂക്കൊസ് 24:41 -43). [53]ഫ്രെന്റിസ് എ. മെഡർ, ജൂനിയർ., *സെർമൺസ് ഫോർ ടുഡേ*, വാക്യം 2 (അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസേർച്ച് പ്രസ്, 1981), 109-16.